## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** **12-09-2023 - ൽ മറുപടിയ്ക്ക്**

## കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,**<br>**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**<br>**ശ്രീ എം രാജഗോപാലൻ,**<br>**ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. 07-08-2023 ലെ സ.ഉ. (കൈ) നം. 71/2023/ അഗ്രി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കമ്പനിയുടെ രൂപീകരണത്തിലൂടെ കാർഷിക വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 1. **കേരളത്തിൽ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു അപെക്സ് ബോഡിയായി പ്രവർത്തിക്കും.**<br>2. **കാർഷിക ഉത്പ്പന്നങ്ങളുടെ വിപണി അടിസ്ഥാനമാക്കിയ സംവിധാനത്തിന്റെ അഭാവം നികത്തുന്നതിനും കൂടാതെ; ഉത്പാദനത്തിന്റെ കാലിക വിശകലനത്തിനുള്ള ഒരു ഏജൻസിയായും പ്രവർത്തിക്കും.**<br>3. **കാർഷിക ഉത്പ്പന്നങ്ങൾക്കായി പൊതു ബ്രാൻഡിംഗ് നടപ്പാക്കും.**<br>4. **മൂല്യവർധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കും.**<br>5. **കേരള സർക്കാർ നടപ്പാക്കുന്ന മൂല്യവർധിത കാർഷിക മിഷന്റെ (VAAM) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മൂല്യവർധിത ഉല്പന്നങ്ങളുടെ ദേശീയ-അന്തർദേശീയ വിപണി കണ്ടെത്തുന്നതിനുള്ള ഏജൻസിയായും പ്രവർത്തിക്കും. ഇതുവഴി ദേശീയ-അന്തർ ദേശീയ കയറ്റുമതി / വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കും.** |

| | | | |
|---|---|---|---|
| | | | 6. **കാർഷിക സംസ്കരണത്തിനുതകുന്ന യന്ത്ര സാമഗ്രികളുടെ സംഭരണത്തിനും സ്ഥാപനത്തിനുമായി ബന്ധപ്പെട്ട എസ്.പി.വി.കളുമായി മദ്ധ്യസ്ഥത വഹിക്കും.**<br>7. **മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വിലനിർണ്ണയ തന്ത്രം നടപ്പിലാക്കുന്നതിനും; കൂടാതെ വിവിധ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ എന്നിവയിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രീ-ലോഞ്ച് ചെയ്യും.**<br>8. **മൂല്യവർധന മേഖല, സംഭരണ മേഖല, ശീതീകരണ മേഖല തുടങ്ങിയവയിൽ മുതൽ മുടക്കി അടിസ്ഥാന സൗകര്യം ഒരുക്കി സംരഭകരായി എത്തുന്ന കാർഷിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കും.** |
| (സി) | കമ്പനി രൂപീകരണത്തിലൂടെ സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങൾ ദേശീയ തലത്തിൽ പ്രചാരത്തിലാകുന്ന തരത്തിൽ പൊതു ബ്രാൻഡിംഗ് നടത്തുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ? | (സി) | **ഉണ്ട്. കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ / FPOകൽ ഉത്പാദിപ്പിക്കുന്ന വിവിധ കാർഷികോൽപ്പന്നങ്ങളുടെ വിപണനം ഊർജ്ജിതമാക്കി കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി 'Keralagro' എന്ന ഏകീകൃത ബ്രാൻഡിൽ, 205 കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെ നിലവിൽ ലഭ്യമാണ്. കൂടുതൽ കാർഷിക ഉല്പന്നങ്ങൾ ഈ ബ്രാൻഡിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ